# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: T 5551** | **01.07.2019-ൽ മറുപടിക്ക്**

ഇക്കോ ടൂറിസം പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി പ്രാധാന്യമുള്ള ഇക്കോ ടൂറിസം മേഖലകളിൽ പ്രകൃതിക്കും സ്വാഭാവിക ജൈവവൈവിധ്യത്തിനും യാതൊരു കോട്ടവും തട്ടാതെ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളിലോ വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം മേഖലകളിലെ ഇക്കോ ടൂറിസം പദ്ധതികൾ നിലവിലെ വനം - പരിസ്ഥിതി നിയമങ്ങൾക്ക് വിധേയമായും പരിസ്ഥിതി സൗഹാർദ പരമായുമാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. |
| ബി) | കേരളത്തിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ സന്ദർശക വാഹകശേഷി കണക്കാക്കിയിട്ടുണ്ടോ; ഇതനുസരിച്ചുള്ള സന്ദർശകരെയാണോ പ്രസ്തുത മേഖലയിൽ സന്ദർശനത്തിന് അനുവദിക്കുന്നത്; വ്യക്തമാക്കാമോ; | ബി) | വനം വകുപ്പിന്റെ സഹകരണത്തോടെ 25 ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സന്ദർശക വാഹകശേഷി സംബന്ധിച്ച പഠനം നടന്നു വരുന്നുണ്ട്. ഈ പഠനം പൂർത്തിയാവുന്ന മുറയ്ക്കും ലഭിക്കുന്ന റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിലും തുടർനടപടികൾ പരിഗണിക്കാവുന്നതാണ്. |
| (സി) | ഇത്തരം ഇക്കോ ടൂറിസം മേഖലകളിൽ മുൻകൂട്ടിയുള്ള ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തി നിയന്ത്രിതമായി സന്ദർശകരെ പ്രവേശിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; | (സി) | തേക്കടി പെരിയാർ, പറമ്പിക്കുളം കടുവ സങ്കേതങ്ങളിലും തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ കീഴിലുള്ള ഇക്കോ ടൂറിസം, കേരള വന വികസന കോർപറേഷന്റെ കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇപ്പോൾ തന്നെ ഓൺലൈൻ ബുക്കിംഗ് സംവിധാനം ലഭ്യമാണ്. ഈ സൗകര്യം കൂടുതൽ ഇക്കോ ടൂറിസം മേഖലകളിലേക്കു വ്യാപിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| (ഡി) | ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പൂർണ്ണമായും പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കർശനനടപടി സ്വീകരിക്കുമോ; | (ഡി) | ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ ഈ വിഷയത്തിലെ തുടർനടപടികൾ സ്വീകരിക്കേണ്ടത് ആ വകുപ്പാണ്. |
| (ഇ) | ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ അവ ആസൂത്രണം ചെയ്യുന്നതിനും പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങളും ഇത്തരം മേഖലകളിൽ നടത്തുന്നില്ലെന്ന് ഉറപ്പ് | (ഇ) | സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭൂരിഭാഗവും വനപ്രദേശങ്ങളിലോ വനാതിർത്തിയോടു ചേർന്നുള്ള പ്രദേശങ്ങളിലോ ആണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം മേഖലകളിലെ ഇക്കോ ടൂറിസം പദ്ധതികൾ നിലവിലെ വനം - പരിസ്ഥിതി |

| | | | |
|---|---|---|---|
| | വരുത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | നിയമങ്ങൾക്ക് വിധേയമായും പരിസ്ഥിതി സൗഹാർദപരമായുമാണ് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത്.<br>പുതിയ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുമ്പോൾ അവ വനം - പരിസ്ഥിതി സംബന്ധമായ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ